# കേരള സർക്കാർ

നം.31194/ഡിഎ2/2014/തസ്വഭവ

തദ്ദേശ സ്വയംഭരണ(ഡി എ)വകുപ്പ്,
തിരുവനന്തപുരം, തീയതി : 21.06.2014.

## സർക്കുലർ

വിഷയം : - തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന സർക്കാരിന്റെ ശേഷിക്കുന്ന കാലയളവിൽ നടപ്പാനാകുന്ന പതാകനൗക പദ്ധതികൾ - വിശദമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നത്- നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സംസ്ഥാന സർക്കാരിന്റെ ഇനിയുള്ള കാലയളവിൽ നടപ്പാക്കാനാകുന്ന പതാകനൗക പദ്ധതികളിൽ 19-ാമത്തെ ഇനമായി പരിസ്ഥിതി സംരക്ഷണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കേണ്ടുന്ന പ്രാഥമിക പരിസ്ഥിതി സംരക്ഷണത്തിനായി നടപ്പുവർഷം പഞ്ചായത്ത് ഒന്നിന് **2.5** ലക്ഷം രൂപ വീതം **1.3** കോടി രൂപ പരിസ്ഥിതി വകുപ്പിന്റെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി ഉചിതമായ പദ്ധതികൾ ആസൂത്രണം ചെയ്ത്, വിശദമായ പദ്ധതി നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ മുഖേന സമയബന്ധിതമായി പരിസ്ഥിതി വകുപ്പിന് ലഭ്യമാക്കുവാൻ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുന്നു. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് മേൽനടപടികൾക്കായി നേരിട്ട് പരിസ്ഥിതി വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

**സി.വത്സല**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ